വികസനത്തെ വിമർശനാത്മകമായി നോക്കിക്കാണുന്ന ചിന്തകൻ ആർടുറോ എസ്കോബാറിന്റെ 'Encountering Development: The Making and Unmaking of the Third World' എന്ന പ്രമുഖ ഗ്രന്ഥം പരിചയപ്പെടുത്തുന്നു.

# വികസനത്തെ എങ്ങനെ മനസ്സിലാക്കാം?

രഞ്ജിത്. കെ

**'വി**കസന'ത്തിന്റെ ഒരു കേവല വിമർശനം എന്നതിനപ്പുറം 'വികസനാനന്തരത' (post-development) യെ ഒരു സങ്കൽപ്പനമായും (സൈദ്ധാന്തിക നിലയായും രാഷ്ട്രീയ പ്രയോഗമായും) രൂപപ്പെടുത്തുന്നതിൽ വലിയ സ്വാധീനം ചെലുത്തിയ പുസ്തകമാണ് ആർടുറോ എസ്കോബാറിന്റെ Encountering Development: The Making and Unmaking of the Third World. വികസനം എന്ന പദ്ധതിയുടെ വ്യാവഹാരികതകളും നയോപായ വൈദഗ്ദ്ധ്യങ്ങളും എപ്രകാരമാണ് വികസനമെന്ന സാമാന്യഭാവനയുടെ വിപരീതങ്ങളെ (ഉദാ: ദാരിദ്രം, വികസനമില്ലായ്മ, ചൂഷണം, അടിച്ചമർത്തൽ തുടങ്ങിയവ) നിരന്തരം ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്ന അന്വേഷണ-വിശകലനമാണ് ഈ കൃതി. കൃത്യവും സവിസ്തരവുമായ വിശകലനങ്ങളിലൂടെ എസ്കോബാർ വികസനത്തെ ഒരു വ്യാവഹാരിക മണ്ഡലമായി പുറത്തെടുത്ത് കാണിക്കുകയും ഒരു 'പ്രത്യേകതരം സ്വപ്നം' ഉത്തരോത്തരം ഒരു ദുഃസ്വപ്നമായി മാറിയ കഥ പറഞ്ഞ് വികസനത്തെ അപനിർമ്മിക്കുകയും ചെയ്യുന്നു. മൂന്നാംലോക രാഷ്ട്രങ്ങളുടെ ഭൗതികാഭിവൃദ്ധിയും സാമ്പത്തിക വികാസവും ലക്ഷ്യമിട്ട, രണ്ടാംലോക യുദ്ധാവസാന കാലം മുതൽ ഇക്കാലം വരെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയെയാണ് എസ്കോബാർ മേൽപ്പറഞ്ഞ പ്രത്യേകതരം സ്വപ്നം എന്ന രൂപകത്തിലൂടെ ഉദ്ദേശിക്കുന്നത്. എല്ലാത്തരം യാഥാസ്ഥിതിക വികസന മാതൃകകളിലൂടെയും നിരന്തരം ആവർത്തിക്കപ്പെടുന്ന ഏകപക്ഷീയമായ ഒരു വ്യവഹാരികതയുടെ സ്ഥൈര്യം വികസനവാദത്തിന്റെ ചരിത്രത്തിലുടനീളം എസ്കോബാർ ദർശിക്കുന്നുണ്ട്.

മിഷേൽ ഫൂക്കോയുടെ ചിന്തനത്തിന്റെ ഉൾക്കാഴ്ച്ചകളുടെ പശ്ചാത്തലത്തിൽ സാമൂഹികമായി നിർമ്മിക്കപ്പെടുന്ന യാഥാർത്ഥ്യമായി വികസനത്തെ എസ്കോബാർ അവതരിപ്പിക്കുന്നു. വികസനത്തെ നിർവചിക്കുന്ന മൂന്ന് അച്ചുതണ്ടുകളെ എസ്കോബാർ വിശദീകരിക്കുന്നു. വികസനത്തെ പരാമർശിക്കുകയും വികസനത്തെ ആക്കിത്തീർക്കുകയും വസ്തുക്കളും സങ്കൽപ്പനങ്ങളും സിദ്ധാന്തങ്ങളും ഒക്കെയാക്കി അതിനെ വിപുലീകരിക്കുകയും ചെയ്യുന്ന ജ്ഞാനരൂപങ്ങളാണ് ഒന്നാമത്തെ അച്ചുതണ്ട്. വികസനത്തിന്റെ പ്രയോഗത്തെ വ്യവസ്ഥപ്പെടുത്തുന്ന അധികാരഘടനയാണ് രണ്ടാമത്തെ അച്ചുതണ്ട്. വികസനമെന്ന വ്യവഹാരത്തിലൂടെ പരിപോഷിപ്പിക്കപ്പെടുന്ന വിഷയിത്വങ്ങളുടെ (subjectivity) രൂപീകരണമാണ് (ആളുകൾ അവരവരെ 'വികസിതം', 'അവികസിതം' തുടങ്ങിയ കാറ്റഗറികളായി മനസ്സിലാക്കുന്ന അവസ്ഥ) മൂന്നാമത്തെ അച്ചുതണ്ട്. ഈ മൂന്ന് അച്ചുതണ്ടുകളെയും അവയുടെ സ്വഭാവ പ്രത്യേകതകളേയും ഉൾബന്ധങ്ങളെയും വിശകലനം ചെയ്ത് ഏകതാനമായ ഒരു ചരിത്രാനുഭവമായും ചിന്തയുടെയും പ്രവൃത്തിയുടെയും ഒരു മണ്ഡലനിർമ്മിതിയായും എസ്കോബാർ വികസനത്തെ അവതരിപ്പിക്കുന്നു. ഒന്നാമത്തെ അധ്യായം പുസ്തകത്തിന്റെ പ്രധാന വാദത്തിനു നിലമൊരുക്കുന്നു. പാശ്ചാത്യേതര സമൂഹങ്ങളെ പാശ്ചാത്യ സാംസ്കാരിക നിർമ്മിതികൾക്ക് അനുസരണമായി മാറ്റാനുള്ള വ്യവസ്ഥാനുസൃതമായ ശ്രമങ്ങളാണ് നടന്നിട്ടുള്ളത്. 1949 ൽ അമേരിക്കൻ പ്രസിഡന്റ് ഹാരി ട്രൂമാന്റെ പ്രശസ്തമായ അഭിസംബോധനയിൽ ഇത് ദൃശ്യമാണ്. വികസന പഠനത്തിന്റെ പാഠപുസ്തകങ്ങൾ പൊതുവേ ഈ അഭിസംബോധനയെ വികസനകാലത്തിന്റെ ആരംഭമായി കണക്കാക്കുന്നു. രണ്ടാംലോക യുദ്ധാനന്തരം നടന്നുകൊണ്ടിരുന്ന അപകോളനീകരണ പ്രക്രിയകൾക്ക് സമാന്തരമായി വികസനം എന്ന ഈ ഹെജിമോണിക് ചിന്തയുടെ അചഞ്ചല യാഥാർത്ഥ്യത്തെയും അതുവഴി മൂന്നാം ലോകത്തിന്റെ സ്വത്വത്തെയും കോളനിവൽക്കരിക്കുന്നു. അങ്ങനെ ഏഷ്യ, ആഫ്രിക, ലാറ്റിൻ അമേരിക്ക തുടങ്ങിയ രാഷ്ട്രങ്ങളുടെ യാഥാർത്ഥ്യത്തെ ആധുനിക-പാശ്ചാത്യ ഭാവന ഉൽപ്പാദിപ്പിക്കുന്ന സാമാന്യ സങ്കൽപ്പങ്ങളിലൂടെ മാത്രമേ ഗ്രഹിക്കാനാകൂ എന്ന നിലവരുന്നു. 'ദാരിദ്രത്തിന്റെ പ്രശ്നവല്ക്കരണ'മാണ് രണ്ടാം അദ്ധ്യായത്തിലെ പ്രതിപാദ്യം. രണ്ടാംലോക യുദ്ധകാലം മുതൽ 1980 കൾ വരെയുള്ള കാലത്ത് വികസനത്തിന്റെ ആഗോളവിന്യാസത്തിനെ സുഗമമാക്കിയ ഒരു പ്രധാന ഘടകം ദാരിദ്ര്യത്തിന്റെ പ്രശ്നവൽക്കരണമാണ്. കൊളംബിയക്ക് വേണ്ടിയുള്ള ആദ്യ ലോകബാങ്ക് ഉദ്യമത്തിന്റെ ഉദാഹരണത്തിലൂടെ, പാശ്ചാത്യ സാമ്പത്തിക അവസ്ഥയിലേക്ക് എത്താൻ മുതിർന്നവരുടെ ഉപദേശവും പരിചരണവും ആവശ്യമുള്ള ഒരു കുഞ്ഞായി മൂന്നാം ലോകത്തിന്റെ പ്രതിനിധീകരണം പ്രബലമാകുന്നതിനെ എസ്കോബാർ വിശദീകരിക്കുന്നു. വികസന-ജ്ഞാനത്തിന്റെ പ്രൊഫഷണലൈസേഷനും വികസന-പ്രയോഗത്തിന്റെ സ്ഥാപനവൽക്കരണവും വികസനത്തിന്റെ വ്യാപനത്തെ സഹായിച്ചു.

രണ്ടാംലോക യുദ്ധാനന്തരം ലോകത്ത് ഉയർന്നുവന്ന സാമ്പത്തിക വികസന സിദ്ധാന്തങ്ങളിൽ അവികസിതാവസ്ഥ എന്ന സങ്കൽപ്പം ഉരുത്തിരിയുന്നതിനെ എസ്കോബാർ മൂന്നാമത്തെ അധ്യായത്തിൽ വിശകലനം ചെയ്യുന്നു. ക്ലാസ്സിക്കൽ, നിയോ-ക്ലാസിക്കൽ, കെയ്നീഷ്യൻ തുടങ്ങിയ സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങളുടെ ഒരു വിഹഗവീക്ഷണം നടത്തി, സാമ്പത്തിക വ്യവഹാരത്തിന്റെ രീതികൾ മാറിയതിനെ ചരിത്രപരമായി വിശകലനം ചെയ്യുന്നു. നാലും അഞ്ചും അദ്ധ്യായങ്ങൾ നമ്മൾ നേരത്തെ പറഞ്ഞ ഒന്നാമത്തെ അച്ചുതണ്ടായ അറിവിന്റെ രൂപങ്ങളും അധികാരവും ചില പ്രത്യേക മണ്ഡലങ്ങളിൽ (rural development, sustainable development, women and development etc.) അനുക്രമമായി ഉൽപ്പാദിപ്പിച്ച് വികസനം പ്രവർത്തിക്കുന്നതിനെ വിശദീകരിക്കുന്നു. ഒരു വികസനാനന്തര ലോകത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളാണ് അവസാന അദ്ധ്യായത്തിലെ പ്രതിപാദ്യം.

*(ഗവേഷകൻ, ഐ.ഐ.ടി, മുംബൈ)* ■